കേസ്സിന്റെ അന്വേഷണ നീതിയുക്തതക്ക് കൂടുതൽ ഉചിതമായതിനാലാണ് അന്വേഷണം വേറൊരു ഉദ്യോഗസ്ഥനെ ഏൽപ്പിച്ചത്.

കുറ്റനാട് വെടിക്കെട്ടപകടം

43 (76)ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല മണ്ഡലത്തിലെ കുറ്റനാട് വെടിക്കെട്ടപകടത്തിൽ ഇരയായവർക്ക് ധനസഹായം നൽകുന്ന നടപടി പൂർത്തിയായോ;

(ബി) അപകടത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃത്താല മണ്ഡലത്തിലെ കുറ്റനാടിന് സമീപം ആലൂരിലുണ്ടായ വെടിക്കെട്ടപകടത്തിൽ മരണമടഞ്ഞ 7 പേരുടെ കുടുംബങ്ങൾക്ക് 20,000/- രൂപ വച്ച് ഒരു ലക്ഷത്തിനാൽപ്പതിനായിരം രൂപയും ഗുരുതരമായി പരിക്കേറ്റ 6 പേർക്ക് 7,500/- രൂപ വച്ച് 45,000/- രൂപയും മറ്റ് പരിക്കു പറ്റിയ 14 പേർക്കായി 6550/- രൂപയുമടക്കം ആകെ 1,91,550/ രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

(ബി)&(സി) വീട് വസ്തുവകകൾ എന്നിവ നഷ്ടമായവർക്ക് ധനസഹായം നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

കോടതികളിലെ കെട്ടികിടക്കുന്ന കേസ്സുകൾ

44 (78) പ്രൊഫ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികളിൽ കെട്ടികിടക്കുന്ന കേസ്സുകളുടെ എണ്ണം കോടതികളുടെ ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഇവ സമയബന്ധിതമായി തീർക്കുന്നതിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കോടതികളിൽനിന്നും വിധി പകർപ്പ് പെട്ടെന്ന് ലഭിക്കുന്നതിന് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിധി പകർപ്പ് പെട്ടെന്ന് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31.10.99 വരെ സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികളിൽ സിവിൽ വിഭാഗത്തിൽ 2,24,662 കേസ്സുകളും, സെഷൻസ് വിഭാഗത്തിൽ 21,918 കേസ്സുകളും മജിസ്റ്റീരിയൽ വിഭാഗത്തിൽ 3,38,077 കേസ്സുകളും നിലവിലുണ്ട്.

(ബി) കേസ്സുകൾ സമയബന്ധിതമായി തീർക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ ഹൈക്കോടതി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly